ദൈവവിളി ഫ്രാൻസിസ് പപ്പാ, ദൈവവിളിക്കുവേണ്ടിയുള്ള പ്രാർഥനാദിനത്തിൽ (ഈസ്റ്ററിനു ശേഷം നാലാ ഞായറിൽ; 2019) നല്കിയസന്ദേശത്തിൽനിന്ന് (മലയാളം: *ഒ.റൊ.* പുസ്തകം 12, ലക്കം 4 മാർച്ച് 22, 2019, പേജ് 3). ഈ പ്രതി സൂക്ഷിച്ചിട്ടുണ്ട്.

2019ൽ പനാമയിൽവച്ച് 34-ാം ലോകയുവജനദിനം ആഘോഷിച്ചപ്പോൾ അവരോടു പങ്കുവച്ചതിനോടു ചേർത്തും അടിസ്ഥാനപ്പെടുത്തിയും:

(1) വാഗ്ദാനവും അപകടവും: കർത്താവിന്റെ വിളി നമ്മെ വാഗ്ദാനം വഹിക്കുന്നവരാക്കുകയും അതേ സമയം അത് അവിടുത്തോടുകൂടിയും അവിടുത്തേക്കുവേണ്ടിയും ഒരു അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരത നമ്മോട് ആവശ്യപ്പെടുകയും ചെയ്യുന്നു: **വാഗ്ദാനവും അപകടസാധ്യതയും എന്ന 2 വശങ്ങൾ**. ഇവ ഗലീലിക്കടൽക്കരയിൽ വച്ച് ആദ്യശിഷ്യന്മാരെ വിളിക്കുന്നതിനെക്കുറിച്ചുള്ള സുവിശേഷ വിവരണത്തിൽ നമുക്കു കാണാം.

മർക്കോ 1,16-20 അടിസ്ഥാനമാക്കി:

സഹോദരങ്ങളായ ശിമയോനും അന്ത്രയോസും: യാക്കോബും യോഹന്നാനും. - മീൻപിടുത്തക്കാരെന്ന നിലയ്ക്കുള്ള അവരുടെ പ്രതിദിന ജോലിക്കുവേണ്ടി അവർ പോകുന്നു. അവരുടെ ഒരു സാധാരണ ദിവസം. പക്ഷേ പണി ക്ലേശകരമാണ്. തങ്ങളുടെ തൊഴിലിന് അറിഞ്ഞിരിക്കേണ്ട പ്രകൃതിനിയമങ്ങൾ അവർക്കു കൃത്യമായി അറിയാം. എങ്കിലും ചിലപ്പോൾ, കാറ്റ് പ്രതികൂലമാകുകയും വഞ്ചിയും അതിലുള്ളവരും അതിലുള്ളവയും വഞ്ചിതന്നെയും അതിലുള്ളവരും നഷ്ടപ്പെട്ടെന്നു വരാം. ചില ദിവസങ്ങളിൽ മീൻപിടുത്തം അവർക്കു ധാരാളം മീൻ നല്കിയിട്ടുണ്ടാവും. ചില ദിവസങ്ങളിൽ രാത്രി മുഴുവൻ അധ്വാനിച്ചിട്ടും അവരുടെ വല നിറഞ്ഞിരുന്നില്ല. ക്ഷീണിതരും നിരാശിതരുമായി അവർക്ക് കരയിലേക്ക് മടങ്ങേണ്ടി വന്നിട്ടുണ്ട്.

ദൈവവിളി: പത്രോസിനെയും സഹോദരനെയും കൂട്ടുകാരെയും യേശു വിളിച്ച രംഗം: യേശു അവരെ കമണ്ടുമുട്ടി, തൊഴിൽരംഗത്ത്. ഗലീലി കടൽത്തീരത്ത് ദിനചര്യയുടെ തളർവാദത്തെ (*സമർപ്പിത ജീവിതത്തിനുവേണ്ടിയുള്ള ഇരുപത്തിരണ്ടാം ലോകദിനത്തിനുള്ള തിരുവചനപ്രസംഗം*, ഫെബ്രുവരി 2,2018) ഭേദിച്ച് ആ മീൻപിടുത്തക്കാരുടെ അടുത്ത് യേശു എത്തി. അവിടെ പെട്ടെന്നുതന്നെ അവർക്കു വാഗ്ദാനം നല്കി: ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ഒരു കടന്നുകയറ്റമല്ല; അത് ചുമക്കേണ്ട ഒരു കൂടോ ചുമടോ അല്ല. മറിച്ച്, ദൈവം നമ്മെ കണ്ടുമുട്ടുകയും ഒരു വലിയ സംരംഭത്തിന്റെ ഭാഗമാകാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്ന സ്നേഹപൂർണമായ ഉദ്യമമാണ്; അവിടുന്ന് വലിയ ഒരു സമുദ്രത്തിന്റെയും സമൃദ്ധമായ മീൻപിടുത്തത്തിന്റെയും ചക്രവാളം തുറക്കുന്നു....

ദിനചര്യയുടെ തടവിലാക്കപ്പെട്ട്, നമ്മുടെ ജീവിതങ്ങൾ വിരസവും പ്രവചിക്കാവുന്നതുമായിത്തീരാൻ, അഥവാ, അതിന് (നമ്മുടെ ജീവിതത്തിന്) അർഥം നല്കാൻ കഴിയുന്ന തീരുമാനങ്ങളുടെ മുമ്പിൽ ഉത്തരമില്ലാത്തവരായിത്തീരാൻ, വാസ്തവത്തിൽ ദൈവം ആഗ്രഹിക്കുന്നില്ല. പോരാടാൻ അർഹമായതൊന്നുമില്ല എന്നു ചിന്തിച്ചുകൊണ്ട്, പുതിയതും ആവേശകരവുമായ മാർഗങ്ങളിലേക്ക് പുറപ്പെടാനുള്ള നമ്മുടെ ആഗ്രഹം സാവധാനം നഷ്ടപ്പെടുത്തിക്കൊണ്ട് ദിവസംതോറും നാം ജീവിക്കാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ഒരു അദ്ഭുതകരമായ മീൻപിടുത്തത്തിന്റെ അനുഭവം ചിലപ്പോൾ അവിടുന്നു നമുക്കുണ്ടാക്കുന്നുവെങ്കിൽ അതിന്റെ കാരണം - മാർഗങ്ങളുടെ ഒരു വൈവിധ്യത്തിൽ - മഹത്തായ ഒന്നിലേക്ക് നാം വിളിക്കപ്പെടുന്നുവെന്നും ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന ഒരു മാനസിക അസംതൃപ്തിയുടെ വലകളിൽ കുടുങ്ങി നമ്മുടെ ജീവിതങ്ങൾ വളരരുതെന്നും അവിടുന്ന് ആഗ്രഹിക്കുന്നു എന്നതാണ്. ഓരോ ദൈവവിളിയും വലകൾ കൈയ്യിൽ പിടിച്ച് കടൽക്കരയിൽ നില്ക്കാതിരിക്കാനും, പ്രത്യുത, നമ്മുടെ ആനന്ദത്തിനുവേണ്ടിയും നമ്മുടെ ചുറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും യേശു നമുക്ക് അടയാളപ്പെടുത്തിത്തന്നിട്ടുള്ള പാതയിൽ അവിടുത്തെ അനുഗമിക്കാനുള്ള ക്ഷണമാണ്.